വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി അതാതു മേഖലകളിൽ സെക്ടർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ മുൻപാകെ കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകളിൻമേൽ സെക്ടർ കമ്മിറ്റി നടത്തിയ പഠന റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുകയും ചെയ്യുന്നു. കേരളാ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും ധനം ലഭ്യമാക്കുന്നതിനായി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ മേൽ, സെക്ടർ കമ്മിറ്റികളുടെ നിർദേശങ്ങൾ കൂടി കണക്കിലെടുത്താണ് മുൻഗണനാക്രമം നിശ്ചയിക്കുന്നത്. ടെക്സ്റ്റൈൽ സെക്ടർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. എൻജിനീയറിംഗ് സെക്ടർ, ഇലക്ട്രിക്കൽ സെക്ടർ, സിറാമിക്സ് ആൻഡ് റീഫ്രാക്ടറിംഗ് സെക്ടർ, കെമിക്കൽ സെക്ടർ എന്നിവയുടെ കമ്മിറ്റി റിപ്പോർട്ടുകൾ തയ്യാറായി വരുന്നതേയുള്ളു.

4 (1577) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി വർഷം തോറും ഓഡിറ്റു ചെയ്യുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങളുടെ മേധാവികളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുകളെയും മാനേജിംഗ് ഡയറക്ടമാരേയും തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും, വിപുലീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പുതിയ സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും, മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തയുള്ള, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭസാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനുവേണ്ടി 240 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ അടിസ്ഥാനമാക്കി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചു കഴിഞ്ഞു. ധനം സ്വരൂപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു. ഇതിൽ 60 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമായും ബാക്കിയുള്ള 180 കോടി രൂപ ബോണ്ടുകളുടെ വിൽപ്പന വഴിയും ആണ് സമാഹരിക്കുന്നത്. കേരള സർക്കാരിന്റെ വിഹിതമായി 1998-99 ൽ 30 കോടി രൂപയും 1999 -2000ൽ 20 കോടി രൂപയും ചേർത്ത് ഇതുവരെ 50 കോടി രൂപ നൽകി കഴിഞ്ഞു. ജനുവരി 2000-ത്തിൽ ബോണ്ടുകളുടെ വിൽപന ആരംഭിക്കുകയും 180 കോടി രൂപ ഇതുവഴി സമാഹരിക്കുവാനും കഴിഞ്ഞു. കമ്പനികളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. അതു വിശദപരിശോധന നടത്തി ഈ ഫണ്ടിൽനിന്നും ധനം നൽകിത്തുടങ്ങുന്നതാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ വർഷംതോറും കൃത്യമായി ഓഡിറ്റു ചെയ്യുന്നത് അതാത് കമ്പനികളുടെ ഡയറക്ടർ ബോർഡിന്റെ പ്രതേകിച്ചും മാനേജിംഗ് ഡയറക്ടറുടെയും ചുമതലയാണ്. അതാത് വർഷങ്ങളിലെ കണക്കുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കമ്പനി തന്നെ നേരിട്ട് ഇന്റേണൽ ഓഡിറ്റും അതിനുശേഷം സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും നടത്തിവരുന്നു. കമ്പനികളിലെ ഓഡിറ്റ് സ്ഥിതിവിവരം ചീഫ് സെക്രട്ടറി തലത്തിൽ അവലോകനം നടത്തിവരുന്നു. ഓഡിറ്റ് കുടിശ്ശികയുള്ള സ്ഥാപനങ്ങളിലെ മേധാവികൾക്ക് കുടിശ്ശിക എത്രയും പെട്ടെന്ന് തീർക്കുന്നതിനുള്ള സത്വര നടപടികളെടുക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. ഓരോ ബോർഡുമീറ്റിംഗിലും കണക്കുകൾ തയ്യാറാക്കുന്നതിന്റെയും ഓഡിറ്റു ചെയ്യുന്നതിന്റെയും വിവരങ്ങൾ അജണ്ടയിൽ നിർബന്ധമായും ഉൾപ്പെടുത്തി ആവശ്യമായ തിരുമാനങ്ങളെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഏറ്റവും കൂടുതൽ ഓഡിറ്റു കുടിശ്ശികയുള്ള ചില സ്ഥാപനങ്ങളുടെ മോധാവികളുടെ പേരിൽ കമ്പനി കാര്യവകുപ്പ് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്പനി നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ അതിൽ സംസ്ഥാന സർക്കാർ ഇടപെടുകയില്ലെന്നും മാനേജിംഗ് ഡയറക്ടറും ബന്ധപ്പെട്ട കമ്പനി ഉദ്യോഗസ്ഥരും അനന്തരഫലങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും താക്കീത് നൽകിയിട്ടുമുണ്ട്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടറുടെയും മുഴുവൻ സമയ ഡയറക്ടറുടെയും തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് യോഗ്യരായവരുടെ പാനൽ തയ്യാറാക്കുന്നതിന്, വിദഗ്ദ്ധ അംഗങ്ങളുടെ ചീഫ് സെക്രട്ടറിയും വ്യവസായവകുപ്പ് സെക്രട്ടറിയും ഉൾപ്പെടുന്ന പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് നിലവിലുണ്ട്. കർണ്ണാടകയിലെ മുൻ ചീഫ് സെക്രട്ടറി ശ്രീ. എം. ശങ്കര നാരായണൻ ആണ് ഇതിന്റെ ചെയർമാൻ. ഭരണവകുപ്പുകൾ ഒഴിവുകൾ ബോർഡിനെ അറിയിക്കുമ്പോൾ, പത്രപരസ്യം മുഖേന അപേക്ഷ സ്വീകരിച്ച് ഇന്റർവ്യൂ മുഖേന യോഗ്യരായവരുടെ പാനൽ തയ്യാറാക്കി നൽകുക എന്നതാണ് നിലവിലുള്ള സംവിധാനം.

5 (578) രാജ്യാന്തര ഹൈടെക് പാർക്കുകൾ

ശ്രീമതി ആർ. ലതാദേവി :
ശ്രീ പി.എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :

LIBRARY ARCHIVES Kerala Legislative Assembly